കെ.പി. ഇസ്മാഈൽ

# തഖ്‌വയുടെ താക്കോൽ

"ഈ ഖുർആൻ ഏറ്റവും നേരായ വഴികാണിച്ചുതരുന്നു. സൽക്കർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് അതിമഹത്തായ പ്രതിഫലമുണ്ടെന്ന് ശുഭവാർത്ത അറിയിക്കുന്നു" (ഖുർആൻ 17:9)

ഖുർആന് തുല്യമായി ലോകത്ത് മറ്റൊരു ഗ്രന്ഥമില്ല. ഖുർആന്റേതുപോലുള്ള സമഗ്രമായ വിപ്ലവചരിത്രം വേറൊരു ഗ്രന്ഥത്തിനും അവകാശപ്പെടാനില്ല. ബുദ്ധിജീവിയെയും സാധാരണക്കാരനെയും ശാസ്ത്രജ്ഞനെയും കലാകാരനെയും ഒരുപോലെ ആകർഷിക്കാനും കീഴ്പ്പെടുത്താനുമുള്ള സർവസവിശേഷതകളും ഒത്തിണങ്ങിയ ഗ്രന്ഥം ലോകഭാഷകളിൽ വേറെ കാണുകയില്ല.

ചിലയാളുകൾ ചെയ്യുന്നതുപോലെ ചുണ്ടുകൾകൊണ്ട് ഉരുവിടേണ്ട മന്ത്രങ്ങളല്ല ഖുർആൻ. ഹൃദയത്തിൽ അനുരണനങ്ങൾ സൃഷ്ടിക്കുകയും വ്യക്തിയിൽ അഭിലഷണീയങ്ങളായ മാറ്റങ്ങൾ രൂപപ്പെടുത്തുകയും സമൂഹത്തെ അടിമുടി അഴിച്ചുപണിയുകയും ചെയ്യുന്ന ഗൗരവപൂർണമായ ആഹ്വാനങ്ങളാണവ. അതുകൊണ്ടാണ് കേവലം ഇരുപത്തിമൂന്ന് വർഷങ്ങൾകൊണ്ട് പ്രവാചകന്റെ സമൂഹം ചരിത്രത്തിൽ ജ്വലിച്ചുനിന്നത്. അതേ ഖുർആൻ തന്നെയാണ് ഇപ്പോഴുമുള്ളത്. അതുതന്നെയാണ് നമ്മുടെ സമൂഹവും വായിച്ചുകൊണ്ടിരിക്കുന്നത്. എന്നിട്ടും സമൂഹത്തിൽ ഒരു ചലനവും സൃഷ്ടിക്കപ്പെടുന്നില്ലെങ്കിൽ കുറ്റം പരതേണ്ടത് ഖുർആന്റെ താളുകളിലല്ലെന്നു വ്യക്തം.

താഴിട്ടുഭദ്രമാക്കിയ ഹൃദയങ്ങളുമായാണ് സമുദായം ഖുർആന്റെ മുന്നിലിരിക്കുന്നത്. അതുകൊണ്ട് ഒരു ജന്മംമുഴുവൻ 'ഓതിയാലും' അവരുടെ ശീലങ്ങൾ മാറുകയോ മനസ്സ് സംസ്കരിക്കപ്പെടുകയോ ചെയ്യുന്നില്ല. വീട്ടിലെ ലോക്കറുകളിൽ അടച്ചുവെച്ച ഖുർആൻ വർഷത്തിലൊരിക്കൽ നോമ്പുകാലത്താണ് മിക്കവരും പുറത്തെടുക്കുക. പിന്നെ വാണംവിട്ടതുപോലെ 'ഓത്തെ'ന്ന പേരിൽ ഒരോട്ടമാണ്. പുണ്യംനേടാനുള്ള കുറുക്കുവഴി! ഹൃദയത്തിൽ തട്ടാതെയുള്ള ഈ വായനകൊണ്ട് എന്തുഫലം?

ഖുർആൻ മുഴുവൻ വായിച്ചുകഴിഞ്ഞ ശേഷവും, അത് വായിക്കുന്നതിനുമുമ്പുള്ള അവസ്ഥയിൽനിന്ന് നമ്മുടെ മനസ്സും ജീവിതവും ഒട്ടും മാറുന്നില്ലെങ്കിൽ അത്തരം വായനയുടെ ആവശ്യമെന്തെന്ന് ആലോചിക്കേണ്ടതാണ്. ഖുർആൻപാരായണം ചടങ്ങാകുമ്പോൾ ആരാധനകൾ അഭ്യാസങ്ങളായിത്തീരുകയും ജീവിതം ധർമവിരുദ്ധമായി മാറുകയും സ്വാഭാവികം. ഖുർആനിലൂടെ സഞ്ചരിച്ച് തഖ്‌വയുടെ സമുജ്ജ്വലമാതൃകകൾ കാഴ്ചവെക്കേണ്ട സമുദായം ദൈവികഗ്രന്ഥത്തിനു നേരെ പുറംതിരിഞ്ഞ് നടക്കുകയാണ്.

മഴപോലെ, ഖുർആൻ ഒരനുഗ്രഹവർഷമാണ്. എന്നാൽ അത് വേണ്ടവണ്ണം ഉപയോഗപ്പെടുത്താൻ സമൂഹത്തിന് കഴിയുന്നില്ല. തുറന്നുവെച്ച പാത്രത്തിലേ മഴവെള്ളം നിറയൂ. കോരിച്ചൊരിയുന്ന മഴയത്തായാലും അടച്ചുവെച്ച പാത്രത്തിൽ ഒരു തുള്ളി വെള്ളംപോലുംകടക്കുകയില്ല. ഇതുപോലെയാണ് പലരുടെയും ഖുർആൻ വായന. പതിവായി അവർ ഖുർആൻ വായിക്കുന്നുണ്ടാകാം. പക്ഷേ, അവരുടെ ജീവിതശീലങ്ങൾ പന്ത്രണ്ടു മാസവും മാറ്റമില്ലാതെ തുടരും. അന്ധന്മാർ, ബധിരന്മാർ, ഊമകൾ എന്ന് ഖുർആൻ വിശേഷിപ്പിച്ചത് ഇവരെയാണ്. അവർക്ക് കണ്ണുകളുണ്ട്, കാണുകയില്ല; കാതുകളുണ്ട്, കേൾക്കുകയില്ല; ഹൃദയങ്ങളുണ്ട്, ചിന്തിക്കുകയില്ല. കാലികളേക്കാൾ കെട്ടവരായി അല്ലാഹു അവരെ വിശേഷിപ്പിക്കുന്നു. തൗറാത്ത് ലഭിച്ചിട്ടും അതിനനുസരിച്ച് ജീവിക്കാൻ തയാറാകാതിരുന്ന ജൂതന്മാരെ ഗ്രന്ഥംചുമക്കുന്ന കഴുതകളോടാണ് അല്ലാഹു ഉപമിച്ചിട്ടുള്ളത് (*അൽജുമുഅ*: 5). ഇന്ന് ആ ഉപമക്ക് ഏറ്റവും അർഹർ ആരാണ്? ഉദ്ബോധനങ്ങൾ എത്ര കേട്ടാലും ദൃഷ്ടാന്തങ്ങൾ എത്ര കണ്ടാലും നമ്മുടെ സമൂഹം ഉണരുന്നില്ല. ഒഴുക്കിൽപെട്ട ഉരുളൻകല്ലുകൾപോലെ അങ്ങോട്ടുമിങ്ങോട്ടും ഉരുളുകമാത്രം ചെയ്യുന്നു.

മുത്തഖികൾക്കാണ് ഖുർആൻ മാർഗദർശനമാവുക എന്ന് ആമുഖത്തിൽതന്നെ അല്ലാഹു പറഞ്ഞിട്ടുണ്ട്. തഖ്‌വയുടെ താക്കോലാണ് ഖുർആൻ. ജീവിതത്തിന്റെ സമ്പൂർണമായ സംസ്കരണത്തിന് ഖുർആൻപഠനം പോലെ ഉതകുന്ന മറ്റൊരു ഉപാധിയില്ല. ഖുർആനിൽനിന്നാണ് 'ഈമാനി'ന്റെ മധുരം നുകരേണ്ടതും ആരാധനകളുടെ ചൈതന്യം ആവാഹിച്ചെടുക്കേണ്ടതും ജീവിതസംസ്കരണം സാധിക്കേണ്ടതും. പരിഭാഷയും വ്യാഖ്യാനഗ്രന്ഥങ്ങളും ഉപയോഗിച്ച് ഖുർആൻപഠനം നിത്യജീവിതത്തിന്റെ ഭാഗമാക്കണം. ഖുർആൻസൂക്തങ്ങളിലൂടെ കടന്നുപോകുമ്പോൾ അവയുടെ ആശയങ്ങൾ മനസ്സിൽ ചലനങ്ങളുണ്ടാക്കണം. ഉറച്ച വയലിലൂടെ കലപ്പ കടന്നുപോകുമ്പോൾ മണ്ണ് ഉഴുതുമറിക്കപ്പെടുന്നതുപോലെ ഖുർആൻ പാരായണത്തിലൂടെ മനസ്സ് ഇളകിമറിയണം. 'ഭൂമി കിടുകിടെ വിറപ്പിക്കപ്പെടുമ്പോൾ' എന്നു വായിക്കുമ്പോൾ നമ്മുടെ ഹൃദയം കിടുങ്ങണം. സ്വർഗ-നരകങ്ങളെക്കുറിച്ചുള്ള വിവരണം വായിക്കുമ്പോൾ മനസ്സിൽ പ്രത്യാശയും ഭയവും നിറയണം. പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളിലൂടെ കടന്നുപോകുമ്പോൾ അവയുടെ അനന്തവിസ്മയങ്ങളെക്കുറിച്ച് ചിന്തിക്കുകയും കൂടുതൽ പഠിക്കാൻ പരിശ്രമിക്കുകയും ചെയ്യണം. മണ്ണിൽനിന്ന് വെള്ളവും വളവും വലിച്ചെടുത്ത് ചെടികളും മരങ്ങളും വളരുന്നതുപോലെ ഖുർആനിൽനിന്ന് സംസ്കാരമുൾക്കൊണ്ട് വളരാൻ കഴിയണം. എങ്കിൽ മാത്രമേ ഉത്തമഫലങ്ങൾ നൽകുന്ന നന്മയുടെ വൃക്ഷങ്ങളായി സമൂഹത്തിൽ തലയുയർത്തി നിൽക്കാൻ ഖുർആന്റെ അനുയായികൾക്ക് കഴിയൂ. ഖുർആൻപാരായണംകൊണ്ട് ജീവിതത്തിൽ പരിവർത്തനമുണ്ടാകുന്നില്ലെങ്കിൽപിന്നെ മറ്റെന്തുകൊണ്ടാണ് ഈ സമൂഹം മാറുക? ■